"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പാർലമെന്ററികാര്യ വകുപ്പ്- പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിനുള്ള ഗ്രാന്റ്-ഇൻ-എയ്ഡ്- 2024-25- രണ്ടാം ഗഡു വിഹിതം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പാർലമെന്ററികാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.24/2024/PAD തീയതി,തിരുവനന്തപുരം, 28-06-2024

---

പരാമർശം:-
1. സ.ഉ.(സാധാ) നം 17/2024/പി.എ.ഡി തീയതി 27/04/2024
2. പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ജനറലിന്റെ 07/06/2024 തീയതിയിലെ 156/ഐ.എൻ.പി.എ/2024 നമ്പർ കത്ത്

<u>ഉത്തരവ്</u>

പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിനായി 2024-25 സാമ്പത്തിക വർഷം ശമ്പള ഇനത്തിൽ "2052-00- 188-99-00-31-GIA" എന്ന ശീർഷകത്തിൽ ₹34,50,000/- രൂപയും (മുപ്പത്തിനാല് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ശമ്പളേതര ഇനത്തിൽ "2052-00-188-99-00-36-GIA" എന്ന ശീർഷകത്തിൽ ₹71,50,000/-രൂപയും (എഴുപത്തിഒന്ന് ലക്ഷത്തി അമ്പതിനായിരം രൂപ) ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിനുള്ള 2024-25 വർഷത്തെ ഗ്രാന്റ്-ഇൻ-എയ്ഡിന്റെ ഒന്നാം ഗഡുവായി ശമ്പള ഇനത്തിൽ 10 ലക്ഷം രൂപയും ശമ്പളേതര ഇനത്തിൽ 5 ലക്ഷം രൂപയും പരാമർശം ഒന്ന് പ്രകാരം അനുവദിച്ചിരുന്നു.

3) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിനുള്ള 2024-25 സാമ്പത്തിക വർഷത്തെ ഗ്രാന്റ്-ഇൻ-എയ്ഡിന്റെ രണ്ടാം ഗഡുവായി ശമ്പളയിനത്തിൽ 16 ലക്ഷം രൂപയും ശമ്പളേതരയിനത്തിൽ 30 ലക്ഷം രൂപയും അനുവദിച്ചു നൽകാൻ അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം രണ്ട് മുഖേന പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ജനറൽ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിനുള്ള 2024-25 വർഷത്തെ ഗ്രാന്റ്-ഇൻ-എയ്ഡിന്റെ രണ്ടാം ഗഡു വിഹിതമായി ശമ്പള ഇനത്തിൽ **"2052-00-188-99-00-31-GIA General Salary"** എന്ന ശീർഷകത്തിൽ നിന്നും **10,00,000/-രൂപയും (പത്ത് ലക്ഷം രൂപ മാത്രം)** ശമ്പളേതര ഇനത്തിൽ **"2052-00-188-99-00-36-GIA General Non Salary"** എന്ന ശീർഷകത്തിൽ

നിന്നും **15,00,000/-രൂപയും (പതിനഞ്ച് ലക്ഷം രൂപ മാത്രം)** അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**E P SAJEEV**

സ്പെഷ്യൽ സെക്രട്ടറി

1.ഡയറക്ടർ ജനറൽ, പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

2. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം(യഥാർത്ഥ ബില്ല് സഹിതം)

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

5. ധനകാര്യ വകുപ്പ് (26/06/2024 തീയതിയിലെ 2765170/വ്യയം-ബി3/103/2024-ധന പ്രകാരം)

6. ധനകാര്യ (ജി.എ.എം.സി) വകുപ്പ്

7. വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Feros Khan S
Date: 28-06-2024 13:31:48

സെക്ഷൻ ഓഫീസർ